# ബാലകേരളീയം

## കഥ

# ഉത്തരം മുട്ടി



ചിത്രീകരണം: ശ്രീകുമാർ പന്തല്ലൂർ

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു സന്യാസി എത്തിച്ചേർന്നു അവിടത്തെ ക്ഷേത്രക്കുളത്തിൽ കുളിച്ച് ദർശനം നടത്തിയശേഷം ആൽത്തറയിൽ വന്നിരുന്ന് ധ്യാനത്തിൽ മുഴുകി. നാട്ടുകാർ കൗതുകത്തോടുകൂടി അദ്ദേഹത്തിനു ചുറ്റും കൂടി. അവരുടെ ആകാംക്ഷ നിറഞ്ഞ ചോദ്യങ്ങൾക്ക് പുഞ്ചിരിയോടുകൂടി അദ്ദേഹം ഉത്തരങ്ങൾ കൊടുത്തു. അവർക്ക് സന്യാസിയോട് വളരെ താല്പര്യംതോന്നി. ആ നാടിനോടും നാട്ടുകരോടും അദ്ദേഹത്തിനും താല്പര്യംതോന്നിയതിനാൽ കുറച്ചു നാൾ കൂടി അവിടെ കഴിയാൻ അദ്ദേഹം തീരുമാനിച്ചു.

എന്നും ആളുകൾ അദ്ദേഹത്തോട് സ്നേഹസംവാദം നടത്തി. ആത്മീയ വിഷയങ്ങളും ബൗദ്ധികവിഷയങ്ങളും എല്ലാം അവർ പരസ്പരം ചർച്ച ചെയ്തു. അവരുടെ പരസ്പരവിശ്വാസവും സ്നേഹവും അനുദിനം വർധിച്ചുവന്നു. എന്നാൽ ഒരുകൂട്ടം ചെറുപ്പക്കാർക്ക് സന്യാസിയിയിൽ മതിപ്പുണ്ടായിരുന്നില്ല. അവർ അദ്ദേഹത്തോട് അസൂയ പുലർത്തി. സന്യാസിയുമായി സംസാരിക്കാൻതന്നെ അവർ വിമുഖത കാണിച്ചു. സന്യാസി ഒരു തട്ടിപ്പുകാരനാണെന്നും ചാരനാണെന്നും അവർ പ്രചരിപ്പിച്ചുതുടങ്ങി. എന്നാൽ മറ്റുള്ളവർ അതു കണക്കിലെടുത്തില്ല. അസൂയ മൂത്ത ചെറുപ്പക്കാർ സന്യാസിയെ നാട്ടിൽനിന്ന് തുരത്താൻ പല വഴികളുമാലോചിച്ചു. ഒടുവിൽ ഒരാളുടെ ഉപായമനുസരിച്ച് അവർ ഒരു ചെണ്ട സംഘടിപ്പിച്ചു. അതിന്റെ ഒരു വശം പൊളിച്ച് ഒരു മരത്തിന്റെ മുട്ടി അതിനുള്ളിൽ വെച്ച് പഴയതുപോലെ ശരിയാക്കുകയും ചെയ്തു. അതുമായി അവർ സന്യാസിയുടെ അടുത്ത് ചെന്നിട്ടുപറഞ്ഞു. 'ഹേ സന്യാസി; ഞങ്ങളിതാ ഒരു പ്രശ്നവുമായി വന്നിരിക്കുന്നു. ഞങ്ങളുടെ ചോദ്യത്തിന് ഒരൊറ്റ ഉത്തരം മാത്രമേ പറയാൻ പാടുള്ളൂ. അതു ശരിയായാൽ ഞങ്ങൾ അങ്ങയെ സമ്മതിക്കും. അതല്ല തെറ്റായ ഉത്തരമാണ് പറയുന്നതെങ്കിൽ അപ്പോൾതന്നെ ഈ നാടുവിട്ടുപോയ്ക്കൊള്ളണം' ചെറുപ്പക്കാരുടെ സ്വഭാവത്തെക്കുറിച്ചും അവരുടെ ഉദ്ദേശത്തെക്കുറിച്ചും നല്ല ധാരണയുണ്ടായിരുന്ന അദ്ദേഹം സൗമ്യനായി ചോദിച്ചു 'എന്താണ് നിങ്ങളുടെ പ്രശ്നം? എനിക്ക് അറിയാവുന്ന കാര്യമാണെങ്കിൽ ഞാൻ ഉത്തരം പറയാം'. 'ചോദ്യം ഇതാണ്' – ചെറുപ്പക്കാർ തുടർന്നു; 'ഈ ചെണ്ടയുടെ ഉള്ളിൽ ഒരു വസ്തുവുണ്ട്. അതെന്താണ്? ഒരൊറ്റ ഉത്തരമേ പറയാൻ പാടുള്ളൂ എന്ന് ഓർമ വേണം; ശരി പറയൂ'.

സന്യാസി ഒരു നിമിഷം ചിന്തയിലാണ്ടു. ഈ ഗ്രാമത്തിൽ തന്റെ സാന്നിധ്യം ഇഷ്ടപ്പെടാത്ത ഇവരുടെ തന്ത്രപരമായ ചോദ്യത്തിന് എന്ത് ഉത്തരമാണ് കൊടുക്കുക. ആർക്കും ബുദ്ധിമുട്ടില്ലാതെ ഈ ഗ്രാമം വിട്ടുപോകുകയാണ് നല്ലത് . ഈ ചെറുപ്പക്കാർക്ക് അത് ആശ്വാസമാകുകയും ചെയ്യും. ചിന്തയിൽനിന്നുണർന്ന അദ്ദേഹം ഇപ്രകാരം പറഞ്ഞു. 'നിങ്ങളുടെ ചോദ്യത്തിന് ഉത്തരം മുട്ടി' ഇതുകേട്ടപാടെ ചെറുപ്പക്കാർ ഒന്നടങ്കം അദ്ദേഹത്തിന്റെ കാല്ക്കൽ വീണുപറഞ്ഞു. ഗുരോ, ഞങ്ങളോട് ക്ഷമിക്കണം. അങ്ങ് മഹാജ്ഞാനിയാണെന്ന് ഞങ്ങൾക്ക് ബോധ്യമായി. ഞങ്ങൾ ഈ ചെണ്ടയ്ക്കുള്ളിൽ വെച്ചിട്ടുള്ളത് ഒരു മുട്ടിതന്നെയാണ്.

അങ്ങയെക്കുറിച്ച് അപവാദങ്ങൾ പറഞ്ഞുപരത്തിയതിന് ഞങ്ങൾക്ക് മാപ്പു തരണം. ഇനി ഞങ്ങൾ അങ്ങയുടെ ഉപദേശങ്ങൾ ചെവിക്കൊള്ളാൻ തയ്യാറാണ്.

സന്യാസി ഒരു നിമിഷം സ്തബ്ധനായെങ്കിലും സമചിത്തത വീണ്ടെടുത്ത് അവരെ സ്നേഹപൂർവം ആശീർവദിച്ചുകൊണ്ട് ഇപ്രകാരം ചിന്തിച്ചു.

പറയാൻ ഒരുത്തരവും കിട്ടാത്തതുകൊണ്ടാണ് താൻ ഉത്തരം മുട്ടി എന്ന് പറഞ്ഞത്. അത് യാദൃശ്ചികമായി ഇവരുടെ ചോദ്യത്തിനുള്ള ഉത്തരമായിപ്പോയത് ദൈവകൃപ. എന്തായാലും ഈ ചെറുപ്പക്കാർക്ക് സൽബുദ്ധിയും സൻമനസും ഉണ്ടാകട്ടെ.

***പുനരാഖ്യാനം:***
**സതീശൻ പൂവത്തൂർ**